നഗര ഗ്രാമാസൂത്രണ വകുപ്പ്
ജില്ലാ നഗരാസൂത്രണ കാര്യാലയം, വയനാട്
നടപടിക്രമങ്ങൾ

വിഷയം:- ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം, വയനാട് - മാനന്തവാടി നഗരസഭയിൽ മാനന്തവാടി വില്ലേജിൽ റീ സർവ്വേ നമ്പർ 598/2 ൽ പ്പെട്ട 0.6923 ഹെക്ടർ സ്ഥലത്ത് വാണിജ്യ കെട്ടിട നിർമ്മാണം ലേ - ഔട്ട് അനുമതി നൽകി ഉത്തരവാകുന്നു.

സൂചന:- മാനന്തവാടി നഗരസഭാ സെക്രട്ടറിയുടെ 26-10-2019 ലെ എ 4-11828/19 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ TCPWYD/866/2019-C തീയതി 12/12/2019**

മാനന്തവാടി നഗരസഭയിൽ മാനന്തവാടി വില്ലേജിൽ റീ സർവ്വേ നമ്പർ 598/2 ൽ പ്പെട്ട 0.6923 ഹെക്ടർ സ്ഥലത്ത് നിലവിൽ മൂന്ന് നിലകളിലായി ആകെ 895.03 ച.മീറ്റർ ഫ്ലോർ ഏരിയ വരുന്ന വാണിജ്യ കെട്ടിടത്തിനോട് അനുബന്ധിച്ച് ബേസ്മെന്റ് ഫ്ലോർ സഹിതം 5 നിലകളിലായി ആകെ 9147.81 ച.മീ ഫ്ലോർ ഏരിയ (ബിൽറ്റ് അപ്പ് ഏരിയ 14331 .88 ചതു .മീറ്റർ) വരുന്ന വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് (F.A.R -1.45, കവറേജ് യഥാക്രമം-46.17%) താഴെ പറയുന്ന നിബന്ധനകൾ പാലിക്കണമെന്ന വ്യവസ്ഥയിൽ ലേ-ഔട്ട്/യൂസേജ് അനുമതി നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം കെ.എം.ബി.ആർ 1999 ലെയും തുടർന്നുള്ള ഭേദഗതികളിലെയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരളവുകൾ, സൈറ്റ്പ്ലാനിൽ കാണിച്ചിരിക്കുന്ന മറ്റ് അളവുകൾ എന്നിവയുടെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്
3. സെല്ലാർ ഫ്ലോർ ഉൾപ്പെടെ നിർമാണത്തിന്റെ ഉയരം 16 മീറ്ററിൽ കൂടുതൽ വരുന്നതിനാൽ നിർമ്മാണത്തിന് ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്
4. മലിനജല സംഭരണം, ശുദ്ധീകരണം, പുനരുപയോഗം എന്നിവക്ക് ഉചിതമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും surface drainage network സജ്ജീകരിക്കേണ്ടതുമാണ്
5. ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ ഗ്രൗണ്ട് ഫ്ലോറിൽ തന്നെ ലഭ്യമാക്കേണ്ടതാണ്, Ramp പ്രധാന പ്രവേശന മാർഗ്ഗത്തിനടുത്ത് തന്നെ ക്രമീകരിക്കേണ്ടതാണ്
6. മണ്ണ് കുഴിച്ച് മാറ്റുന്നതിനും നിറക്കുന്നതിനും ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതികൾ വാങ്ങേണ്ടതാണ്
7. 1.5 മീറ്ററിൽ കൂടുതൽ ആഴത്തിൽ മണ്ണ് മാറ്റുന്ന സംഗതിയിൽ റൂൾ 11 A പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്
8. അഗ്നി സുരക്ഷാ ഗോവണി ലഭ്യമാക്കേണ്ടതാണ്

9. എമർജൻസി എക്സിറ്റിലേക്കുള്ള സഞ്ചാര ദൂരം 30 മീറ്ററിൽ കൂടാൻ പാടില്ലാത്തതാണ്
10. നിർമ്മാണ സ്ഥലത്തിന്റെ ഹരിതാഭ നിലനിർത്തുന്നതിലേക്കായി ഉചിതമായ മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണ്
11. നിർദിഷ്ട സമുചയത്തിലേക്കു ജങ്ഷനിൽ നിന്നും വാഹന entry യും exit ഉം ഒഴിവാക്കി റിവൈസ്ഡ് വെഹിക്കിൾ സർക്കുലേഷൻ പ്ലാൻ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി മാനന്തവാടി നഗരസഭാ സെക്രട്ടറിയിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

17 /2019 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.

ഉള്ളടക്കം-പ്ലാൻ ഒരു സെറ്റ്

**RAMACHANDRAN A**
**TOWN PLANNER**

സെക്രട്ടറി,
മാനന്തവാടി നഗരസഭാ

പകർപ്പ്: വികാരി, റോമൻകാത്തലിക് ചർച്ച്
മാനന്തവാടി

DESPATCHED 12/12/19.